ക്കുന്നു. അങ്ങനെ ഈ ഭൂമി കൊടുക്കുന്നതുവരെ പുതിയ പട്ടയം ആർക്കും കൊടുക്കാൻ പാടില്ല. ഇതിനായുള്ള അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ഗവൺമെൻറിനോട് അപേക്ഷിക്കുന്നു

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1969 മുതൽ ആരംഭിച്ചതാണ് ഈ ഭൂമി പതിവിൻെറ കാര്യം. 1969-ൽ എടുത്ത തീരുമാനം 1980-ൽ റദ്ദാക്കി. 1981-ൽ വീണ്ടും അത് കൊടുക്കണമെന്ന് തീരുമാനിച്ചു. ഇത് വെള്ളത്തിൽ മുങ്ങി കിടക്കുന്ന സ്ഥലമായതുകൊണ്ട് പുറംബണ്ടിടാതെ ഇത് തിരിച്ചുകൊടുക്കാൻ കഴിയുകയില്ല. 1983-ൽ ഇതിനുവേണ്ടി ചില നിർദ്ദേശങ്ങളും കൊടുക്കുകയുണ്ടായി. ഇത് വളരെ ആഴമുള്ള വെള്ളക്കെട്ടായ സ്ഥലമായതിനാൽ മേപ്പടി ആളുകൾക്ക് താമസയോഗ്യമാക്കണമെങ്കിൽ സ്ഥലത്തിൻെറ പുറമ്പിറ തീർത്ത് ഉള്ളിലെ വെള്ളം വറ്റിച്ച് മണ്ണിട്ട് നികത്തിയാൽ മാത്രമേ നടക്കുകയുള്ളൂ. ആയതുകൊണ്ട് ആവശ്യമായ നിർദ്ദേശങ്ങളും തുകയും അനുവദിച്ചു കിട്ടുകയും പൊതുമരാമത്തു വകുപ്പിനെക്കൊണ്ട് പ്രത്യേക ജോലി ചെയ്തിക്കേണ്ടതുമാണ്. ഈ കാര്യം ചെയ്തു തീർത്താൽ മാത്രമേ ഇത് പ്രായോഗികമാക്കാൻ കഴിയൂ എന്ന നിലയിലുള്ള ഒരു മറുപടി 1983-ൽ തന്നെ കൊടുത്തിട്ടുണ്ട്. ഇതിനെത്തുടർന്ന് പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് ചില ചർച്ചകളും പാലാ ആർ. ഡി. ഒ. യുടെ സാന്നിദ്ധ്യത്തിൽ നടക്കുകയുണ്ടായി. ഏതായാലും ആദ്യമായി ഈ ജോലി ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. ക്യൂ. എസ്. ആർ. കായൽ പതിച്ചുകൊടുക്കുന്ന കാര്യത്തിലും ഇതുപോലെ പുറംബണ്ട് തീർക്കുക എന്നുള്ള ആദ്യനടപടിയാണ് ചെയ്തുതീർത്തത്. അതിൻെറ നടപടികളും ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. അതുപോലെ ഈ ബണ്ടിൻേറയും പണി തീർക്കുവാനുള്ള നടപടികളും ഇപ്പോൾ ഗവൺമെൻറ് കൈക്കൊണ്ടിരിക്കുകയാണ്. 1969-ൽ ആരംഭിച്ച ഒരു കാര്യമാണ്. അടുത്ത കാലത്ത് ഇത്രയും നടപടികളും അടിയന്തിരമായി ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇത് പതിച്ചുകിട്ടുന്നതിനെപ്പറ്റിയുള്ള പിരിവിനെ പറ്റിയൊന്നും എനിക്ക് അറിഞ്ഞു കൂടാ. അങ്ങനെ എന്തെങ്കിലും കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ അതിന് കർശനനടപടികളും സ്വീകരിക്കുന്നതാണ്. ഗവൺമെൻറിന് അതിനെപ്പറ്റി യാതൊരുവിധമുമില്ല.

ശ്രീ. എം. കെ. കേശവൻ : ഈ ഭൂമി പുറം ബണ്ടിട്ട് പട്ടയക്കാർക്ക് കൊടുക്കുന്നതുവരെയുള്ള കാലയളവിൽ പുതുതായി ആർക്കും പട്ടയം കൊടുക്കാതിരിക്കാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(2) ആദിവാസികളുടെ വീടുപണി പൂർത്തിയാക്കൽ

ശ്രീ. കെ. രാഘവൻമാസ്റ്റർ : സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടിക വർഗ്ഗക്കാർക്കുവേണ്ടി പുനലൂർ, ഇരട്ടി, കൽപ്പറ്റ, മാനന്തവാടി, തൊടുപുഴ, അട്ടപ്പാടി എന്നീ ബി. ഡി. ഒ. മാരുടെ കീഴിൽ 1976 മുതൽ നിർമ്മിച്ചിട്ടുള്ള ആറായിരത്തോളം വീടുകളിൽ നാലായിരത്തോളം വീടുകളും ഇന്നും പൂർത്തിയാകാതെ നമ്മുടെ സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ കിടക്കുകയാണ്. ഈ ദയനീയാവസ്ഥയിൽ വളരെയധികം ആദിവാസികളും ബുദ്ധി മുട്ടുന്നു എന്ന കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. ഒരു കാലത്ത് നോക്കെത്താത്ത ദൂരത്തോളമുള്ള വനപ്രദേശങ്ങളിൽ സ്വതന്ത്രമായി ജീവിക്കുവാനും അവിടെ നിന്നും കിട്ടുന്ന ഇല്ലികൊണ്ട് സുരക്ഷിതമായി വീടുവയ്ക്കുവാനും യാതൊരു പ്രയാസവും അവർക്കുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നില്ല. അന്ന് വയ്ക്കോലായാലും ഓലയായാലും കിട്ടുവാൻ പ്രയാസമുണ്ടായിരുന്നില്ല. അതുകൊണ്ട് ആദിവാസികളുടെ താമസസൗകര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിഷമവുമുണ്ടായില്ല. പക്ഷേ അതിനു ശേഷം ഗവൺമെൻറിന്റെ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ സംസ്ഥാനത്തിൽ നിരവധി വീടുകൾ അനുവദിക്കുകയുണ്ടായി. അതിൽ വളരെയധികം സന്തോഷിച്ച ആദിവാസികളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ സന്താപത്തിൽ മുഴുകിയിരിക്കുകയാണ്. കാരണം പരിമിതമായ സ്ഥലത്ത് അവർക്കുണ്ടായിരുന്ന വീടുകൾ പൊളിച്ചു മാറ്റിയതിനുശേഷം ആ പ്രദേശത്ത് വീടുകൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ സ്വന്തമായി ഉണ്ടായിരുന്ന വീടുകൾ, ഒരു വിധം സുരക്ഷിതത്വത്തോടുകൂടി കഴിഞ്ഞു കൂടുവാൻ പറ്റുന്ന വീടുകൾ പൊളിച്ചുമാറ്റി അതേ സ്ഥലത്തുതന്നെ ആദിവാസികൾക്കാവശ്യമായിട്ടുള്ള വീടിന്റെ ബേസ്മെൻറ് കെട്ടിവെച്ചിരിക്കുന്ന സ്ഥിതി വിശേഷമാണ് കാണുവാൻ സാധിക്കുന്നത്. ഈ കാര്യത്തെ സംബന്ധിച്ച് പരിശോധിച്ചുനോക്കിക്കഴിഞ്ഞാൽ ഇങ്ങനെ ദയനീയമായ ഒരു സംഭവമാണ് കാണുവാൻ കഴിയുന്നത്. ഈ സംസ്ഥാനത്തുള്ള ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരും അതുപോലെതന്നെ നോമിനികളും ചേർന്ന് ആദിവാസികളെ തീരാദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന ഏറ്റവും വലിയ അനീതിയും അക്രമവും അതാണെന്ന് പറയുവാൻ സാധിക്കും. കാരണം ട്രൈബൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ആദിവാസികൾക്കനുവദിച്ചിട്ടുള്ള വീടിന് ആദ്യമായി അഡ്വാൻസ് കൊടുക്കുന്നു. തറകെട്ടിക്കഴിഞ്ഞാൽ 70 ശതമാനത്തോളം പണം കൊടുക്കുകയാണ് ചെയ്യുന്നത്. 70 ശതമാനത്തോളം പണം കൊടുത്തുകഴിഞ്ഞാൽ അതിന്റെ റൂഫ്ലവൽവരെയുള്ള പണി പൂർത്തിയാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. പക്ഷേ ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ള നോമിനികൾ ചെയ്യുന്നത് ഈ 70 ശതമാനം പണത്തിൽ പത്തു ശതമാനംപോലും ആദിവാസികളുടെ വീടിനുവേണ്ടി ചെലവാക്കുന്നില്ല എന്നുള്ളതാണ്.

ആ പ്രദേശത്തുനിന്നും കിട്ടുന്ന കല്ലും അതുപോലുള്ള മെറ്റീരിയൽസും ഉപയോഗിച്ചാണ് ബേസ്മെൻറ് കെട്ടുന്നത്. തറ കെട്ടിക്കഴിഞ്ഞാൽ റൂഫ് ലവൽ വരെ പണിയുവാനുള്ള പണമാണ് നോമിനിക്ക് കിട്ടുന്നത്. ആ പണം ഉപയോഗിച്ചുകൊണ്ട് അവർ മറ്റു കോൺട്രാക്ടുകൾ നടത്തുകയോ അല്ലെങ്കിൽ സ്വന്തം വീടുകളുണ്ടാക്കുകയോ ചെയ്തുകൊണ്ട് ഈ പാവപ്പെട്ട ആദിവാസികളെ കണ്ണീരിലാഴ്ത്തുന്ന വളരെ ദയനീയമായ ഒരു ചിത്രമാണ് കാണുവാൻ കഴിയുന്നത് എനിക്ക് ഒരു കാര്യമാണ് സൂചിപ്പിക്കുവാനുള്ളത് നമ്മുടെ പ്രധാനമന്ത്രിപോലും ആദിവാസികളുടെ കാര്യത്തിൽ പ്രത്യേക താല്പര്യം കൊടുത്ത് ഗ്രാമങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ പ്രബുദ്ധമായ കേരളത്തിൽ നാലായിരത്തോളം വീടുകൾ ഇങ്ങനെ പൂർത്തിയാകാതെ കോൺട്രാക്ടർമാരുടെ തട്ടിപ്പിൽപ്പെട്ട് കിടക്കുന്നു എന്നു കേൾക്കുന്നത് വളരെ വേദനാജനകമായ ഒരു കാര്യമാണ്.

ഇവിടെ ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർ പറയുന്നത് അടുത്തുതന്നെ പൂർത്തിയാക്കും എന്നാണ്. അങ്ങനെ പറഞ്ഞു പറഞ്ഞ് സമയം നീട്ടിക്കൊണ്ടിരിക്കുകയാണ്. എനിക്ക് പറയാനുള്ളത് ഇത് അവരെ സംബന്ധിച്ചിടത്തോളം പൂർത്തിയാക്കുന്ന പ്രശ്നമേയില്ല. അത്തരത്തിലുള്ള വീടുകളെ സംബന്ധിച്ചിടത്തോളം നോമിനികൾ എത്ര പണിയെടുത്തു എന്നുള്ളതിനെ സംബന്ധിച്ച് എൻജിനീയറെക്കൊണ്ട് അവർക്ക് ചെലവായ പണത്തിന്റെ കണക്ക് നോക്കി ആ പണം കഴിച്ചുള്ള ബാക്കി പണം അടിയന്തിരമായ തിരിച്ചേൽപ്പിക്കാനുള്ള നിർദ്ദേശം കൊടുക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ആ വീടുകൾ വേറെ ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ടോ അടിയന്തിരമായി ഇത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. അല്ലെങ്കിൽ ഇത് ദയനീയമായ ഒരവസ്ഥയായി മാറും. 1976 മുതൽ സ്വന്തം വീട് പൊളിച്ചുമാറി ഒരു പെറിയ താൽക്കാലിക ഷെഡ്ഡിൽ നാലായിരത്തോളം ആദിവാസികൾ ഇന്ന് ഈ ദയനീയമായ ബുദ്ധിമുട്ടിൽ കഴിഞ്ഞുകൂടുകയാണ്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ശക്തമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അടിയന്തിരമായി ഡിസ്ട്രിക്ട് കളക്ടർമാരുടെയും അതുപോലെതന്നെ ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥൻമാരുടേയും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിൽ ആരാണ് കുറ്റക്കാർ, ഉദ്യോഗസ്ഥനാണോ, നേതാവിനിയാണോ എന്നു പരിശോധിച്ച് ഈ നേതാവിനിയുടെ പണം തിരിച്ചടയ്ക്കുന്നില്ലെങ്കിൽ ആ നേതാവിനിയെ പ്രോസിക്യൂട്ട് ചെയ്തു ജയിലിലടക്കണം. ഇത്രയും വലിയ സാമൂഹ്യമായ അനീതി ചെയ്ത ഈ സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങളെ മാന്യൻമാരായി നടക്കുവാൻ സമ്മതിക്കരുത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ പറയുന്ന ആദിവാസികളുടെ പേരിൽ പണം പററിയിട്ട് നടക്കുന്ന നേതാവിനികളെ പ്രോസിക്യൂട്ട് ചെയ്യാനും 1976 മുതൽ ഇവിടെ വീടിനുവേണ്ടി കാത്തുനില്ക്കുന്ന ആദിവാസികൾക്ക് അടിയന്തിരമായി വീടുകൾ നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നു ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബഹുമാനപ്പെട്ട മെമ്പർ രാഘവൻ മാസ്റ്റർ ഇവിടെ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും വളരെ ശരിയാണ്. നിർഭാഗ്യവശാൽ ആദിവാസികളുടെ വാസസ്ഥലത്തിൽ വേഗത്തിൽ ചെന്നെത്താൻ ഉള്ള യാതൊരുവിധ സഞ്ചാര സൗകര്യങ്ങളും ഇല്ലാത്ത വനപ്രദേശമാണ് എന്നുള്ള കാര്യം എല്ലാപേർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഏതെങ്കിലും പദ്ധതി അനുവദിച്ചാൽ തന്നെ ആ പദ്ധതി നടപ്പിലാക്കുന്നതിന് ഉള്ള സൗകര്യക്കുറവും ഇതിന്റെ ചുമതല ഏറെറടുക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം കാര്യമായ ആദായം ഉണ്ടാക്കാൻ സാധിക്കുകയില്ലായെന്നും ചിലപ്പോൾ നഷ്ടം സംഭവിച്ചേക്കുമെന്നുള്ള സ്ഥിതിവിശേഷവുമുള്ളതുകൊണ്ട് വളരെയൊന്നും ആളുകളെ ആ രംഗത്തേക്ക് ആകർഷിക്കാൻ സാധിക്കുന്നില്ല. എന്നാൽ അല്പം ചില ആളുകളെങ്കിലും മുന്നോട്ടു വരുന്നത് വിദ്യാഭ്യാസമില്ലാത്ത നിരക്ഷരരായ ആളുകളെക്കൊണ്ട് ഏതെങ്കിലും വിധത്തിൽ ഇവർ അവർക്ക് ഈ ആനുകൂല്യം കിട്ടിയതായി രേഖപ്പെടുത്തിയെടുക്കുന്നതിനുവേണ്ടിയാണ്. 8047 വീടുകൾ ആണ് ഇതുവരെ അനുവദിച്ചിരുന്നത്. അതിൽ 4727 വീടുകൾ ഇനിയും പൂർത്തിയായിട്ടില്ല. ഈ കാര്യം ഗവൺമെന്റ് അന്വേഷിച്ചതിൽ നിന്നും പണി ഏറെറടുത്ത ആളുകൾ തന്നെ ഭാഗികമായി ചെയ്ത് ഇട്ടേച്ചുപോയി, പണിതീർത്ത വീടുകൾ തന്നെ ഏതാനും ആഴ്ച കഴിഞ്ഞപ്പോൾ വീണു നഷ്ടപ്പെട്ടുപോയി. ഇതിനെക്കുറിച്ചെല്ലാം നേരിട്ടന്വേഷിച്ചതിൽനിന്ന് ചുമതലപ്പെട്ട കരാറുകാരെ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 36 ആളുകളുടെ പേരിൽ റവന്യൂ റെക്കവറി നടപടികൾ എടുത്തിട്ടുണ്ട്, മറ്റു ഭാഗങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു. അതോടൊപ്പം തന്നെ 25 വിജിലൻസ് കേസ്സുകൾ നടക്കുന്നുണ്ട്, മൂന്നു പ്രോസിക്യൂഷൻ നടന്നിട്ടുണ്ട്, അഞ്ച് ഉദ്യോഗസ്ഥൻമാരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കിയിട്ടുമുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഈ കാര്യത്തെ സംബന്ധിച്ച് ശ്രദ്ധാപൂർവ്വം അന്വേഷിച്ചിട്ടുണ്ട് എങ്കിൽതന്നെയും ഇത് ഇന്നും ഒരു പ്രശ്നമായി അവശേഷിക്കുകയാണ്. ആർക്കാണോ ഇത് അലോട്ട് ചെയ്തിട്ടുള്ളത് അവരെത്തന്നെ ഇത് ഏല്പിച്ച് അവർക്ക് പണം അഡ്വാൻസ്

LIBRARY ARCHIVES Kerala Legislative Assembly

ആയി കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നുണ്ട്. അതിനുപുറമേ ഈ രംഗത്തുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കണ്ടെത്താൻ ഗവൺമെൻറ് ഇപ്പോൾ വേറൊരു കാര്യം തീരുമാനിച്ചിട്ടുണ്ട്. പി. ഡബ്ല്യൂ. ഡി. യോട് ഇവർക്ക് ആവശ്യമായിട്ടുള്ള വീട് ഒരു പ്രത്യേക പരിഗണന വച്ച് ഏറെറടുത്ത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ അവർ ഈ വർക്ക് ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇവിടെ മററു പല കാര്യങ്ങളെ സംബന്ധിച്ച് അനുഭവത്തിൽ ഉണ്ടായ ന്യൂനതകൾ കണ്ടുപിടിച്ച് പരിഹരിക്കേണ്ടതായ നടപടികൾ സ്വീകരിച്ചുവരികയാണ്. അവശേഷിച്ച വീടുകളുടെ പണി വേഗം പൂർത്തിയാക്കാൻ വേണ്ടി പി. ഡബ്ല്യൂ. ഡി. യോട് ആവശ്യപ്പെട്ട് അതിനാവശ്യമായ പണം അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് താല്പര്യപൂർവ്വം പ്രവർത്തിക്കുന്നതായിരിക്കും.

III. സബ്മിഷൻ

(1) നെയ്യാറിൻകരയിലെ ബസ്യാത്രക്കാർ അനുഭവിക്കുന്ന ദുരിതം

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നെയ്യാറിൻകരയിലെ ബസ്സ് യാത്രക്കാർ അനുഭവിക്കുന്ന ദുരിതത്തെ ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരളത്തിൽ ഏറവും ആദ്യമായി ദേശസാൽക്കരിക്കപ്പെട്ട ഒരു താലൂക്കാണ് നെയ്യാറിൻകര. നെയ്യാറിൻകര ട്രാൻസ്പോർട്ട് ഡിസ്ട്രിക്ടിൽ ഏതാണ്ട് 117 ഷെഡ്യൂളുകളുണ്ട്. അതിലേക്ക് 134 ബസ്സുകളാണ് ആവശ്യം. ആകെക്കൂടി ഉള്ളത് 106 ബസ്സുകൾ മാത്രമാണ്. ആ 106 ബസ്സുകളിൽ 56 ബസ്സുകൾ കട്ടപ്പുറത്താണ്. ഈ 56 ബസ്സുകളൊഴികെ വെറും 50 ബസ്സുകൾ മാത്രമാണ് ഇപ്പോൾ ഓടുന്നത്. ഇതുകൂടാതെ ഇതിൻെറ ഫീഡിംഗ് സ്റേഷൻസ് എന്നുള്ള നിലയിൽ കാട്ടാക്കട, പാറശ്ശാല, പൂവ്വാർ, വിഴിഞ്ഞം ഈ സ്റേഷനുകളുടെ സ്ഥിതിയും വളരെ ദയനീയമാണ്. ഏറാവും കൂടുതൽ കേരളത്തിൽ വരുമാനം ഉണ്ടാക്കുന്ന ഒരു ഡിപ്പോയാണ് നെയ്യാറിൻകര ഡിപ്പോ. ഇവിടെ നിന്നുവരുന്ന വരുമാനം എന്തു ചെയ്യുന്നു എന്ന് ആർക്കും അറിയാൻ നിർവ്വാഹമില്ല. എൻെറ അറിവ് ശരിയാണെങ്കിൽ ട്രാൻസ്പോർട്ടിൻെറ ആഫീസ് കെട്ടിടത്തിൻെറ പണിക്കു വേണ്ടി ഈ തുക വിനിയോഗിക്കുകയാണ്. ഈ രീതിയിൽ മുന്നോട്ട് പോകുകയാണെങ്കിൽ ഏതാണ്ട് 15 ദിവസം കഴിയുമ്പോൾ ഈ ബസ്സ്റേഷൻ പൂട്ടേണ്ടിവരും. ആളുകൾ ഇപ്പോൾ നെയ്യാറിൻകരനിന്നും തിരുവനന്തപുരത്തെത്തുന്നതിന് ഏഴും എട്ടും രൂപ പ്രൈവറായി കൊടുത്ത് ടാക്സികളിലും ട്രക്കുകളിലുമായാണ് യാത്ര ചെയ്യുന്നത്. ഏത് സമയം ചെന്നു നോക്കിയാലും അവിടെ ആയിരക്കണക്കിന് ആളുകൾ കൂട്ടംകൂടി നില്ക്കുന്നതായി കാണാം. മറെറല്ലാ സ്റേഷനുകളെയും അപേക്ഷിച്ച് ഗതാഗത്തിന് മറെറാരു മാർഗ്ഗവുമില്ലാത്ത ഒരു സ്ഥലമാണ് നെയ്യാറിൻകര. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി നടപടികളെടുത്ത്—ടയർ ഇല്ലാത്ത ബസ്സുകൾക്ക് ടയറുകളും സ്പെയർ പാർട്ട്സ് ഇല്ലാത്തവയ്ക്ക് സ്പെയർ പാർട്ട്സും ഇഷ്യൂ ചെയ്തു പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly